**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കോച്ചിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്‌തീൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായവർക്ക് കെ.പി.എസ്.സി, യു.പി.എസ്.സി. പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനായി പ്രത്യേക കോച്ചിംഗ് സെന്ററുകൾ ഉണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണെന്ന് വിശദമാക്കാമോ? | (എ) | ഉണ്ട്. സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം തിരുവനന്തപുരം മണ്ണന്തലയിൽ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (PETC) പ്രവർത്തിച്ച് വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മണ്ണന്തല PETC - തിരുവനന്തപുരം<br><br>2. ആലുവ PETC – എറണാകുളം<br><br>3. കുഴൽമന്ദം PETC - പാലക്കാട്<br><br>4. കോഴിക്കോട് PETC – കോഴിക്കോട്<br><br>ഇതിനു പുറമേ, എല്ലാ ജില്ലകളിലും വെർച്വൽ പി.ഇ.റ്റി.സി.കൾ ആരംഭിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ